GOVERNMENT OF KERALA

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്-കണ്ണൂർ നഗരസഭ- കണ്ണൂർ I വില്ലേജിൽ റീ സർവ്വേ നമ്പർ 783/1-ൽ ഉൾപ്പെട്ട സ്ഥലത്തെ അനധികൃത നിർമ്മാണം- കേരള മുനിസിപ്പാലിറ്റി കെട്ടിടം (അനധികൃത നിർമ്മാണം- ക്രമവൽക്കരണം) ചട്ടം,2014—ക്രമവൽക്കരിച്ച്-- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർബി) വകുപ്പ്

സ.ഉ (സാധാ) നമ്പർ 1761/16/തസ്വഭവ തീയതി തിരുവനന്തപുരം 27/05/2016

---

പരാമർശം:- 1) 14.2.14- ലെ സ.ഉ(എം.എസ്) നമ്പർ 39/2014/ തസ്വഭവ

2) കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014 പ്രകാരം ശ്രീമതി. റഷീദ മുസ്തഫ,,രസ്സാസ് കാമ്പിൽ , പി.ഒ കോളചേരി, കണ്ണൂർ സമർപ്പിച്ച 20/03/2014 ലെ ക്രമവൽക്കരണ അപേക്ഷ.

3) കണ്ണൂർ നഗരസഭാ സെക്രട്ടറിയുടെ26/02/2016 ലെ ഇ 3/ബി എ /364/09 നമ്പർ കത്ത്

4) കണ്ണൂർ ജില്ലാ ടൗൺ പ്ലാനറുടെ 10/03/2016 ലെ സി 461/16 നമ്പർ കത്ത്

5) മുഖ്യ നഗരാസൂത്രകന്റെ 21/04/2016 ലെ D1/2838/16 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കണ്ണൂർ കോർപ്പറേഷനിലെ കണ്ണൂർ 1 വില്ലേജിലെ റീ സർവ്വെ 783/1 ൽ ഉൾപ്പെട്ട 3558.71 $M^2$ ഫ്ലോർ ഏരിയായുള്ള അനധികൃത നിർമ്മാണം ക്രമവൽക്കരണ ത്തിനുള്ള 20.3.14.ലെ ശ്രീമതി. റഷീദ മുസ്തഫ,രസ്സാസ് കാമ്പിൽ ,പി.ഒ കോളചേരി,കണ്ണൂർ, സമർപ്പിച്ച അപേക്ഷ പരാമർശം (5) പ്രകാരം മുഖ്യ നഗരാസൂത്രകൻ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014 ലെ ചട്ടം 5(6) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് സർക്കാർ ഈ അപേക്ഷ പരിശോധിക്കുകയും ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കണ്ണൂർ കോർപ്പറേഷനിലെ കണ്ണൂർ 1 വില്ലേജിൽ റീ സർവ്വേ നമ്പർ 783/1 ൽ ഉൾപ്പെട്ട 3558.71 $M^2$ ഫ്ലോർ ഏരിയായുള്ള അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(I) കെട്ടിടത്തിന്റെ മുൻവശത്തും,തെക്കുഭാഗത്തും ചട്ടം 117(1) പ്രകാരം 5 മീറ്റർ വീതിയുള്ള ഫയർ ഫൈറ്റിംഗിന് ആവശ്യമായ ഗതാഗതയോഗ്യമായ തുറസ്സായ സ്ഥലം ലഭ്യമാക്കേണ്ടതും, ടി സ്ഥലത്ത് നൽകിയിരിക്കുന്ന കാർ പാർക്കിംഗ്, ലോഡിംഗ് അൺ ലോഡിംഗ് ഇവ ഒഴിവാക്കേണ്ടതുമാണ്.

(II) ഫയർ എസ്കേപ്പ് സ്റ്റെയർ ചട്ടം 42.114 ഇവ പൂർണ്ണമായും പാലിക്കേണ്ടതാണ്.

(III) ക്രമവൽക്കരണ ഉത്തരവിലെ Appendix II Criteria (5) പൂർണ്ണമായും പാലിക്കുന്നുവെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്

(IV) കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് ചട്ടം 40 A പ്രകാരം disabled persons -നുള്ള സൗകര്യങ്ങൾ നൽകേണ്ടതാണ്.

(V) ഡയറക്ടർ ഓഫ് ഫയർ ഫോഴ്സിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്.

(VI) മറ്റ് ഏജൻസികൾ/ വകുപ്പുകൾ എന്നിവയിൽ നിന്നും ചട്ട പ്രകാരം ആവശ്യമായ അനുമതി വാങ്ങേണ്ടതാണ്.

(vii) കെട്ടിടത്തിന്റെ കോമ്പൗണ്ടിംഗ് ഫീസായി 60,12,575 രൂപ (അറുപത് ലക്ഷത്തി പന്ത്രണ്ടായിരത്തി അഞ്ഞൂറ്റി എഴുപത്തി അഞ്ച് രൂപ) ''0217 Urban Development-60 Other Urban Development Scheme-800-Other receipts-91 Compounding fee for regularisation of Unauthorised Construction violating provisions of building rules''എന്ന ശീർഷകത്തിൽ സർക്കാർ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

3. മേൽ പരാമർശിച്ച തുക ഈ ഉത്തരവിന്റെ തിയതി മുതൽ 30 ദിവസത്തിനകം സർക്കാർ ട്രഷറിയിൽ ഒടുക്കി അസ്സൽ ചെലാൻ കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറി മുമ്പാകെ ഹാജരാക്കേണ്ടതും കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014 ൽ അനുശാസിക്കുന്ന പ്രകാരം നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ആവശ്യമായ നടപടികൾ കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറി സ്വീകരിക്കേണ്ടതുമാണ്.

4 ഓക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് മുൻപ് ഈ ഉത്തരവിന്റെ രണ്ടാം ഖണ്ഡികയിലെ നിബന്ധനകൾ പാലിച്ചിട്ടുണ്ടോയെന്ന് കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
മധു.ബി.
ജോയിന്റ് സെക്രട്ടറി

ശ്രീമതി. റഷീദ മുസ്തഫ,രസ്നാസ് കാമ്പിൽ , പി.ഒ കോളചേരി, കണ്ണൂർ
സെക്രട്ടറി , കണ്ണൂർ കോർപ്പറേഷൻ, കണ്ണൂർ
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ(വിജിലൻസ്) തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ